**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3305** | **08-10-2025 - ൽ മറുപടിയ്ക്ക്**

**തിരുവല്ല മണ്ഡലത്തിലെ പാറക്കടവ്, കോൺകോഡ് പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ്, കോൺകോഡ് പാലങ്ങളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | **പാറക്കടവ് പാലം** നിർമ്മാണത്തിനായി 31.10.2016 തീയതിയിലെ സ.ഉ (സാധാ) നം. 1496/2016/ പി.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 19.09.2017 തീയതിയിലെ ഉത്തരവ് പ്രകാരം 9.35 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 22/08/2024 തീയതിയിലെ ഉത്തരവ് പ്രകാരം 11.78 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. 14/10/2024 തീയതിയിലെ ഉത്തരവ് പ്രകാരം 11.793 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുമുണ്ട്. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയും, 6-ാമത്തെ ടെണ്ടറിൽ M/s ഊരാളുങ്കൽ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച ടെണ്ടറിന് 31.05.2025 തീയതിയിലെ സ.ഉ.(കൈ) നം.36/2025/PWD ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനു പുറമെ കീഴ്വായ്പൂർ ഭാഗത്തെ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് കൂടി നടത്തണം എന്ന് 12.08.2025 തീയതിയിലെ കിഫ്ബിയുടെ മീറ്റിംഗിലെ നിർദ്ദേശ പ്രകാരം PED തയ്യാറാക്കുന്നതിന് CMD ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും ആവശ്യമായ സർവ്വെ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രം PED അംഗീകാരത്തിനായി കിഫ്ബിയിലേക്ക് സമർപ്പിക്കുവാനും അതിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**ചാത്തങ്കരി - കോൺകോഡ് പാലം** നിർമ്മാണത്തിനായി 10.07.2017 തീയതിയിലെ സ.ഉ.(സാധാ) നം. 942/2017/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 12.11.2018 തീയതിയിലെ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം 15 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാലം 20 മീറ്റർ വീതമുള്ള 9 സ്പാനുകളായിട്ടായിരുന്നു വിഭാവനം ചെയ്തിരുന്നത്. അത് പ്രകാരമാണ് സ്ഥലം ഏറ്റെടുത്ത് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഇൻലാൻഡ് നാവിഗേഷനിൽ നിന്ന് ലഭിച്ച ക്ലിയറൻസ് പ്രകാരം പാലത്തിന്റെ സ്പാനുകൾ 15 മീറ്റർ നീളമുള്ള 9 സ്പാനുകളും, 14 മീറ്റർ നീളമുള്ള ഒരു സ്പാനും കൂടാതെ 31.5 മീറ്റർ നീളമുള്ള (Central span) എന്ന രീതിയിൽ ക്രമീകരിച്ചുകൊണ്ട് 08/07/2025 തീയതിയിൽ ടെൻഡേറ്റീവ് ജനറൽ ഡ്രോയിംഗ് റിവൈസ്സ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്. (പാലത്തിന്റെ നീളം 181.42 മീറ്ററാണ്) അതിന്റെ സാധ്യതാ പഠന റിപ്പോർട്ട് നൽകുന്നതിലേക്കായി സ്ഥലം പരിശോധിച്ചപ്പോൾ, കോൺകോട് കരയിലെ അപ്രോച്ച് റോഡിനായി അധികമായി സ്ഥലം ഏറ്റെടുക്കേണ്ടതായി വരുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി / പി.എം.യു, പത്തനംതിട്ട / കോട്ടയം ഡിവിഷൻ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. റിവൈസ് ചെയ്ത TGD പ്രകാരം അധികമായി വേണ്ടിവരുന്ന സ്ഥലത്തിന്റെ എൽ.എ നടപടികൾ സ്വീകരിച്ച് പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ